# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6831 10/07/2014 ൽ മറുപടിയ്ക്ക്

## ബഞ്ച് മാർക്കിംഗ് സംവിധാനം

| ചോദ്യം<br>ശ്രീ.എം.ഹംസ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ജലസേചന സംവിധാനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിന് ബഞ്ച് മാർക്കിംഗ് സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. ബഞ്ച് മാർക്കിംഗിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പദ്ധതികളുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ്. പദ്ധതികളിൽ ബഞ്ച് മാർക്കിംഗ് നടത്തുന്നതിന് ആവശ്യമായ ഡേറ്റാ ശേഖരിക്കുന്നതിനുള്ള ഗേജ് സ്റ്റേഷനുകൾ ആദ്യം നിർമ്മിക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി 5 പദ്ധതികൾക്ക് (മലമ്പുഴ, പോത്തുണ്ടി, മംഗലം, ചേരമംഗലം, വാളയാർ) 5.2 കോടി രൂപ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br>കമാന്റ് ഏരിയ വികസന പദ്ധതിയുടെ കീഴിൽ 18 ജലസേചന പദ്ധതികളാണ് സമഗ്രവികസനത്തിനായി ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 14 ജലസേചന പദ്ധതികളിൽ കാഡ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അവ പാലക്കാട് ജില്ലയിലെ മലമ്പുഴ, വാളയാർ, പോത്തുണ്ടി, ഗായത്രി, മംഗലം, ചിറ്റൂർപ്പുഴ, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, തൃശ്ശൂർ ജില്ലയിലെ പീച്ചി, വാഴാനി, ചീരക്കുഴി, ചാലക്കുടി, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, പത്തനംതിട്ട ജില്ലയിലെ പമ്പ, എറണാകുളം ജില്ലയിലെ പെരിയാർവാലി എന്നിവയാണ്. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളായ പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ, കൊല്ലം ജില്ലയിലെ കല്ലട, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴവാലി എന്നീ ജലസേചനപദ്ധതികളിലും സി.എ.ഡി.ഡബ്ല്യു.എം പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു. കണ്ണൂർജില്ലയിലെ പഴശ്ശി പദ്ധതിയിൽ 2013 മാർച്ചിൽ CADWM പദ്ധതി പൂർത്തിയാക്കി.<br>ജലസേചന സംവിധാനങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിനായി AIBP(ERM), 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും DRIP സ്കീമിൽ ഉൾപ്പെടുത്തി ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും നടത്തിവരുന്നു. |

| | |
|---|---|
| (ബി) സംസ്ഥാനത്തെ ഏതെല്ലാം ജലസേചന പദ്ധതികളിലാണ് "ബഞ്ച് മാർക്കിംഗ് സംവിധാനം" നടപ്പിലാക്കിയിട്ടുള്ളത് ; | (ബി) നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ ബെഞ്ച് മാർക്കിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് |
| (സി) "ബഞ്ച് മാർക്കിംഗ് സംവിധാനം" നടപ്പിലാക്കുന്നതിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ? | (സി) ബഞ്ച് മാർക്കിംഗിനായി 5 ലക്ഷം രൂപയാണ് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ